# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 223 11.06.2012 -ൽ മറുപടിയ്ക്ക്

### റ്റി. പി. ചന്ദ്രശേഖരന്റെ കൊലപാതക കേസ് - നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ മന്ത്രി) |
| എ) ഒഞ്ചിയത്തെ ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചന പുറത്ത് കൊണ്ട് വരുന്നതിന് സാധിച്ചിട്ടുണ്ടോ ; | എ) ടി. പി. ചന്ദ്രശേഖരൻ വധത്തിനു പിന്നിൽ നടന്ന ഗൂഢാലോചനയെ കുറിച്ച് പ്രത്യേക അന്വേഷണ സംഘത്തിന് വിവരം ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത കേസിലുൾപ്പെട്ടിട്ടുള്ള മുഴുവൻ പ്രതികളെയും പിടികൂടുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | ബി) കേസന്വേഷണത്തിന്റെ ഭാഗമായി 05.06.2012 വരെ 17 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് വിവരങ്ങൾ വെളിപ്പെടുത്തുന്നത് കേസന്വേഷണത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| സി) ജയിലിൽ നിന്ന് പരോളിൽ ഇറങ്ങിയ ആരെങ്കിലും കൃത്യ നിർവ്വഹണത്തിൽ പങ്കാളിയായിട്ടുണ്ടോ ; | സി) ഇതുവരെ ഇതേക്കുറിച്ച് അറിവ് ലഭിച്ചിട്ടില്ല. |
| ഡി) പരോളിൽ ഇറങ്ങുന്നവരെ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) നിലവിലെ നിയമപ്രകാരം നിരീക്ഷണം നടത്തി വരുന്നുണ്ട് |
| ഇ) പ്രസ്തുത കേസിലെ അന്വേഷണ ഉദ്യോഗസ്ഥർക്ക് ഏതെങ്കിലും തരത്തിലുള്ള ഭീഷണികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഇ) പ്രത്യേക സംഘത്തിലെ അന്വേഷണ ഉദ്യോഗസ്ഥരെ ചിലർ ഭീഷണിപ്പെടുത്തിയതായി വിവരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ